പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5230*    30.06.2014-ൽ മറുപടിക്ക്

<u>പി.ടി.പി നഗറിലെ സ്റ്റേബസ് സർവ്വീസ് പുനഃരാരംഭിക്കുന്നതിനുള്ള നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് പി.ടി.പി. നഗറിലേയ്ക്ക് കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷമായി സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേ ബസ് സർവ്വീസ് ഒരു മാസമായി നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | മെയിന്റനൻസിനായി ഡോക്കിൽ പിടിക്കുമ്പോൾ ഉണ്ടാകുന്ന ബസ്സിന്റെ കുറവ് കാരണവും അനധികൃതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാത്തത് മൂലം ഉണ്ടാകുന്ന ജീവനക്കാരുടെ കുറവ് കാരണവും തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്. മതിയായ യാത്രക്കാരെ ലഭിക്കാത്തത് കാരണം ടി സ്റ്റേ സർവ്വീസിന്റെ ശരാശരി വരുമാനം 4000 രൂപ മാത്രമാണ്. ഈ കാരണങ്ങളാലാണ് ടി സ്റ്റേ സർവ്വീസ് താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വരുന്നത്. |
| (ബി) | വളരെയധികം സ്കൂൾ-കോളേജ് വിദ്യാർത്ഥികളും സർക്കാർ-സ്വകാര്യ ഓഫീസുകളിലെ ജീവനക്കാരും ആശ്രയിക്കുന്ന പ്രസ്തുത സർവ്വീസ് ഉടൻതന്നെ പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസ് പുനരാരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ